# കുടുംബശ്രീ വയനാട്

# ഒരു ലോകം.. നമ്മളും



## മൂപ്പൈനാട് സി ഡി എസ്

## കോവിഡ് കാലം - ഒരു റിപ്പോർട്ട്

**<u>ഉള്ളടക്കം</u>**


- ഊട്ടിയുറപ്പിച്ച ഭക്ഷണപൊതികൾ
- മണ്ണിൽ വിരിയും പൊന്ന്
- പ്രതിരോധത്തിന്റെ ആവരണങ്ങൾ
- ജാഗ്രതയോടെ ഊരുകൾ
- ഹെലോ..കൂടെയുണ്ട് കുടുംബശ്രീ.
- വിണ്ണിൽ പറവകളായിവർ
- കൈപിടിച്ചുയർത്തും ഈ സഹായഹസ്തം
- യോഗയുടെ പാഠങ്ങൾ
- ഉപസംഹാരം.

# ആമുഖം

ലോകം ഒരു അതിജീവനത്തിന്റെ  പാതയിൽ ആണ്. മനുഷ്യരാശിക്ക് കേട്ടു കേൾവി പോലുമില്ലാത്ത ഒരു വൈറസിന്റെ  പിടിയിലാണ് ഇന്ന് നമ്മുടെ ലോകം. ചൈനയിലെ വുഹാൻ നഗരത്തിൽ നിന്ന് തുടങ്ങി  ഇന്ന് ലോകം മുഴുവൻ വ്യാപിച്ച നോവൽ കൊറോണ വൈറസ്  നമ്മുടെ കൊച്ചു കേരളത്തിലും മൂന്നു മാസക്കാലമായി ഭീതി വിതച്ചു കൊണ്ടിരിക്കുകയാണ്. വികസിത രാഷ്ട്രങ്ങൾ പോലും പ്രതിസന്ധിയിലായ ഈ ഘട്ടത്തിൽ നമ്മുടെ സർക്കാരിന്റെയും ആരോഗ്യ പ്രവർത്തകരുടെയും പോലീസ് സേനയുടെയും കർമ്മനിരതരായ സന്നദ്ധ സേവകരുടെയും എല്ലാത്തിലുമുപരി നമ്മൾ പൊതുജനത്തിന്റെയും  ഒറ്റക്കെട്ടായ പ്രവർത്തനങ്ങളിലൂടെ വൈറസ് വ്യാപനം ഒരു പരിധി വരെ തടയാനും മറ്റ് സംസ്ഥാനങ്ങളെയും  വിദേശ രാജ്യങ്ങളെയും  വെച്ച് താരതമ്യം ചെയ്യുമ്പോൾ മരണ നിരക്ക് ഏറ്റവും കുറവിലേക്ക് എത്തിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ആശ്വസിക്കാൻ ഉള്ള സമയം ആയിട്ടില്ല. കേരളത്തിന് പുറത്ത് അകപ്പെട്ട ഒട്ടനവധി മലയാളികളുണ്ട്. തിരിച്ചു ജന്മനാട്ടിലേക്ക് വരാൻ ആഗ്രഹിക്കുന്ന അവരെ ഓരോരുത്തരെയും തിരികെ എത്തിക്കുകയും അവർക്കോ അവരിൽ നിന്ന് മറ്റൊരാൾക്കോ ഈ വൈറസ് വ്യാപനം ഉണ്ടാവാതിരിക്കുകയും ചെയ്യുക എന്ന വലിയ ദൗത്യമാണ് നമ്മുടെ മുമ്പിലുള്ളത്

എങ്കിലും മൂന്നു മാസക്കാലമായി ഈ വൈറസിനെതിരെ നമ്മൾ പോരാടുകയാണ്., അതിൽ കുടുംബശ്രീ സംഘടന സംവിധാനവും വലിയ ഒരു പങ്കു വഹിച്ചിട്ടുണ്ട്.... കേരളത്തിലെ സാധാരണക്കാർക്കിടയിൽ വലിയ ഒരു സ്വാധീനം സൃഷ്ടിച്ച സംഘടന എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വവും നമുക്ക് മേലുള്ള പ്രതീക്ഷകളും  ചെറുതല്ല. ആ പ്രതീക്ഷകൾക്കൊന്നും കോട്ടം തട്ടാത്ത രീതിയിൽ പ്രവർത്തിക്കാൻ ഈ മൂന്ന് മാസവും നമ്മൾ ശ്രമിച്ചിട്ടുണ്ട്. സാമൂഹിക അടുക്കളയിലൂടെയും മുഖ്യമന്ത്രിയുടെ സഹായ ഹസ്തത്തിലൂടെയും ആശ്രയ ഗുണഭോക്താക്കളുടെയും വയോജനങ്ങളുടെയും ക്ഷേമാന്വേഷണങ്ങളിലൂടെയും മാസ്ക്, സാനിറ്റൈസർ  നിർമാണത്തിലൂടെയും ഈ പ്രതിസന്ധിഘട്ടത്തിൽ കുടുംബശ്രീ മുൻപന്തിയിൽ ഉണ്ടായിരുന്നു

വയനാട് ജില്ലയിലെ കുടുംബശ്രീ മാതൃകാപരമായ  പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യുന്നതിൽ  എന്നും മികച്ചു തന്നെ നിൽക്കുന്നവരാണ്. വയനാടിന്റെ ഭൂരിഭാഗവും തച്ചുടച്ച കഴിഞ്ഞ പ്രളയകാലത്ത് വയനാട്ടിലെ കുടുംബശ്രീ അംഗങ്ങളുടെ പ്രവർത്തനങ്ങൾ എത്ര അഭിനന്ദനങ്ങൾ നൽകിയാലും മതിയാവാത്തതായിരുന്നു. ആ ഒരു ആർജവവും മനക്കരുത്തും കെടാതെ സൂക്ഷിക്കുന്ന നമ്മുടെ സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങൾ കൊറോണ എന്ന മഹാമാരിയുടെ ഈ  സമയത്തും തങ്ങൾക്ക് ആവുന്ന വിധത്തിൽ ഉള്ള സന്നദ്ധ പ്രവർത്തനങ്ങളുമായി ഈ മൂന്ന് മാസക്കാലമായി സമൂഹത്തിന്റെ ഒപ്പമുണ്ട്..

അതിജീവനത്തിന്റെ പാതയിൽ നാടൊന്നാകെ തീർക്കുന്ന ഈ പ്രതിരോധം തന്നെയാണ് ലോകത്തിനു മുന്നിൽ കേരളത്തെ അഭിമാനകരമാക്കുന്നതും.

## മൂപ്പൈനാട് സി ഡി എസ്

വയനാട് ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ നടക്കുന്ന സി ഡി എസുകളിൽ ഒന്നാണ് മൂപ്പൈനാട്. ഈ മൂന്നു മാസക്കാലവും വളരെ സജീവമായി പ്രവർത്തിക്കാൻ സി ഡി എസ് ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ ഉള്ള ടീമിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെയും സി ഡി എസിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഒട്ടനവധി മികച്ച പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തി വരുന്നുണ്ട്.

അന്തർ സംസ്ഥാന അതിർത്തി ആയതിനാൽ ആദ്യം മുതൽ തന്നെ മൂപ്പൈനാട് പഞ്ചായത്തിൽ അതീവ ശ്രദ്ധ ജില്ലാ ഭരണകൂടവും പഞ്ചായത്തും നൽകിയിരുന്നു. ദുബായിൽ നിന്ന് വന്ന ഒരാൾക്ക് കോവിഡ് 19 സ്ഥിരീകരിച്ചെങ്കിലും അദ്ദേഹത്തിന്റെ യുക്തിപൂർവ്വമായ ഇടപെടൽ കൊണ്ട് മറ്റൊരാൾക്കും അദ്ദേഹത്തിൽ നിന്ന് രോഗം പകരുന്ന സാഹചര്യം ഉണ്ടായില്ല. ഏറ്റവും ആദ്യം ലിസ്റ്റ് ചെയ്യപ്പെട്ടതിൽ റെഡ് സോണിൽ ഉൾപ്പെട്ടെങ്കിലും ആശ്വാസകരമായി പിന്നീട് ഒരു കോവിഡ് കേസ് പോലും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല

മാർച്ച് 16–ാം തീയതി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തോടെ ആണ് പ്രതിരോധ പ്രവർത്തങ്ങൾക്ക് തുടക്കം കുറിക്കുന്നത്. മുഖ്യമന്ത്രിയുടെ കത്ത് യോഗത്തിൽ ചർച്ച ചെയ്യുകയും വേണ്ട രീതിയിലുള്ള മുന്നൊരുക്കങ്ങൾ നടത്താനും അനിശ്ചിത കാലത്തേക്ക് സ്കൂളുകളും കോളേജുകളും അംഗൻവാടികളും അടച്ചിടാനും തീരുമാനിക്കുമായുമായിരുന്നു. 22/03/2020 ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച ജനത കർഫ്യൂവിനോടും ശേഷം വന്ന ലോക്ക് ഡൗണിനോടും ജനങ്ങൾ പൂർണമായി സഹകരിച്ചു എന്നതാണ് വലിയ വിജയം. ഇത്തരത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ കാണിച്ച ഇടപെടൽ ആണ് ഇവിടം ഏറെ മുന്നോട്ടെത്തിച്ചത്. ഇക്കാലയളവിൽ സി ഡി എസിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ശ്രമിക്കുകയാണ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനമെന്ന് ആദ്യമേ സൂചിപ്പിക്കട്ടെ.

## ഊട്ടിയുറപ്പിച്ച ഭക്ഷണപൊതികൾ

നിത്യവും തൊഴിലിനു പോയി ഭക്ഷണത്തിനുള്ള വരുമാനം കണ്ടെത്തുന്നവരാണ് സാധാരണ ആളുകൾ. കോവിഡ് മരണങ്ങളെക്കാൾ കൂടുതൽ പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യാതിരിക്കണമെങ്കിൽ വിശക്കുന്നവനു ആഹാരം നൽകണം. വലിയ രീതിയിൽ ഇതിനൊരു പരിഹാരം സാമൂഹിക അടുക്കളകൾ വഴി കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. തെരുവിൽ അലഞ്ഞു നടക്കുന്നവർക്കും അഥിതി തൊഴിലാളികൾക്കും മുന്നിലേക്ക് വെച്ച് നൽകിയ ഭക്ഷണ പൊതികൾ തയ്യാറാക്കിയത് കുടുംബശ്രീ വനിതകളായിരുന്നു.

- തമിഴ്നാട് അതിർത്തിയിൽ ചോലാടി ചെക് പോസ്റ്റിൽ സേവനം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന 10 ഓളം പേർക്ക് സൗജന്യമായി 3 നേരവും ആഹാരം നൽകി വന്നിരുന്നു.
- 28/03/2020 നു ആരംഭിച്ച വനിതാ മെസ്സ് കമ്മ്യൂണിറ്റി കിച്ചൺ 05/05/2020 വരെ 531 ഭക്ഷണ പൊതികൾ സൗജന്യമായും 553 എണ്ണം 20 രൂപ നിരക്കിലും പാർസലുമായി നൽകി..
- കടച്ചിക്കുന്നു പാൽചുരം കോളനിയിൽ 07/04/2020 മുതൽ 04/05/2020 വരെ 2667 സൗജന്യ ഭക്ഷണം നൽകി
- ശേഖരൻകുണ്ട് കോളനിയിൽ 09/04/2020 മുതൽ, 04, /05/2020 വരെ 1248 സൗജന്യ ഭക്ഷണം നൽകി
- ഫ്ളയിംഗ് ഇവന്റ് മാനേജ്മെന്റിൽ 30/03/2020 മുതൽ 20/04/2020 വരെ 219 സൗജന്യ പാർസൽ നൽകി

## മണ്ണിൽ വിരിയും പൊന്ന്

ലോക്ക്ഡൗൺ കാലം കാർഷിക മേഖലയിൽ ഇടപെടുന്നതിന് ഈ സിഡിഎസിനു കീഴിലെ ജെ എൽ ജികൾക്ക് സാധിച്ചിട്ടുണ്ട്. കാർഷിക ഉൽപാദനം വർധിപ്പിക്കാൻ കൃഷി വ്യാപനവും സ്വയം പര്യാപ്തമാക്കാൻ ത്വരിത പ്രവർത്തനങ്ങളും സി ഡി എസിൽ നടക്കുകയുണ്ടായി. ജെ എൽ ജി ഗ്രൂപ്പുകൾ വഴി പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് ശേഖരിച്ചു നൽകാനും കുടുംബശ്രീ പ്രവർത്തകർ മുന്നിട്ട് ഇറങ്ങി. കോവിഡ് 19 മായി ബന്ധപ്പെട്ടു ഭക്ഷ്യ പ്രതിസന്ധി മറികടക്കുന്നതിനും കിഴങ്ങു വർഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും 2020–21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 15 എസ് സി കുടുംബശ്രീ യൂണിറ്റുകൾക്കും 22 എസ് ടി യൂണിറ്റുകൾക്കും 30 ജനറൽ യൂണിറ്റുകൾക്കും ചേന ചേമ്പ് മരച്ചീനി എന്നിവ വിതരണം ചെയ്തു.. ഇതിനു പുറമെ 10 ജനറൽ കുടുംബശ്രീ യൂണിറ്റുകൾക്ക് അഗ്രി വില്ലേജിൽ ഉൾപ്പെടുത്തി 800 കിലോ ചേനയും നൽകി.





## പ്രതിരോധത്തിന്റെ ആവരണങ്ങൾ

മുപൈനാട് പഞ്ചായത്ത് കുടുംബശ്രീ യൂണിറ്റുകളായ ശാലോം, ഒരുമ, ഫ്രണ്ട്സ്, കുഞ്ഞാറ്റ, ജീവനം, സിതാര എന്നീ കുടുംബശ്രീ യൂണിറ്റുകളിലൂടെ 14165 മാസ്കുകൾ തയ്ച്ചു നൽകി.. ആ പ്രവർത്തനം ഇന്നും തുടരുന്നു. നമ്മുടെ ചുറ്റുപാടിൽ ആരോഗ്യ പ്രവർത്തകർ, മറ്റു ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ മാത്രം ആണ് കോറോണക്ക് മുമ്പ് മാസ്ക് ഉപയോഗിച്ചിരുന്നത്. അതിനാൽ തന്നെ മാസ്കിന്റെ വർധിച്ച ഡിമാൻഡ് അനുസരിച്ചുള്ള ലഭ്യത മാർക്കറ്റിൽ ഇല്ലാതെ വന്നപ്പോഴാണ് കുടുംബശ്രീ വനിതകൾ ഈ രംഗത്തേക്ക് ഇറങ്ങുന്നത്. വരുമാനം നഷ്ടപ്പെട്ടു വീട്ടിലിരിക്കുന്ന സമയത്ത് കുടുംബശ്രീ അംഗങ്ങൾക്ക് വലിയൊരു ആശ്വാസമായാണ് മാസ്ക് നിർമിച്ചു നൽകാനുള്ള ഓർഡർ വഴി ലഭിക്കുന്നത്...

മുപൈനാട് പഞ്ചായത്തിൽ ശാലോം, ഒരുമ, ഫ്രണ്ട്സ്, കുഞ്ഞാറ്റ, ജീവനം, സിതാര എന്നീ കുടുംബശ്രീ യൂണിറ്റുകളിലൂടെ 14165 മാസ്കുകൾ തയ്ച്ചു നൽകി. ലോക്ക്ഡൗൺ വന്നതോടെ വരുമാനം നഷ്ടപെട്ട 30 തോളം വനിതകൾക്കാണ് ഇത് വഴി വരുമാനം കണ്ടെത്താൻ സാധിച്ചത്.

## ജാഗ്രതയോടെ ഊരുകൾ

വയനാട് ജില്ലയിൽ കോവിഡ് 19 റിപ്പോർട്ട് ചെയ്തപ്പോൾ പ്രാദേശിക ഭരണകൂടത്തിന് മുമ്പിലുണ്ടായിരുന്ന വലിയ ഒരു ആശങ്ക ആദിവാസി മേഖലയിലേക്ക് വൈറസ് വ്യാപനം എത്തുമോ എന്നതായിരുന്നു. കാരണം കുടക് പോലെയുള്ള സ്ഥലങ്ങളിൽ നിന്ന് വന്ന കുറച്ചു ആളുകൾ ആദ്യ ഘട്ടത്തിൽ തന്നെ കോളനികളിൽ ഉണ്ടായിരുന്നു. കോളനികളിൽ കൃത്യമായി ക്വാറന്റൈൻ ചെയ്യാൻ ഉള്ള സൗകര്യങ്ങൾ ഇല്ല എന്നിരിക്കെ ആളുകളെ ഹോം ക്വാറന്റനിൽ ആക്കുക എന്നത് വലിയ ഒരു വെല്ലുവിളിയായി മാറും. അതിനാൽ തന്നെ ആദിവാസി മേഖലയിൽ കൃത്യമായ ബോധവത്കരണം ആദ്യം മുതൽ തന്നെ നടത്താൻ മൂപ്പൈനാട് പഞ്ചായത്തും ശ്രദ്ധിച്ചിരുന്നു.അനിമേറ്റർമാരുടെ സേവനം ഇതിൽ എടുത്തു പറയേണ്ട ഒന്നാണ്. കോളനികളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്നവരെ കൃത്യമായി വീക്ഷിക്കാനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൃത്യ സമയത്ത് എത്തിക്കാനും അയൽക്കൂട്ട അംഗങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കോളനികളിൽ ആയുർവേദ, അലോപ്പതി മരുന്നുകൾ വോളണ്ടിയര്മാരുടെ സഹായത്തോടെ എത്തിച്ചു കൊടുക്കുന്നതിലും അഗതി ആശ്രയ ഗുണഭോക്താക്കൾക്കും കോളനി നിവാസികൾക്കും മരുന്ന്, ഭക്ഷണം, റേഷൻ സാധനങ്ങൾ എന്നിവ എത്തിച്ചു നൽകുന്നതിലും സി ഡി എസ് അംഗങ്ങൾ വളരെ നല്ല രീതിയിൽ ഇടപെടൽ നടത്തുകയുണ്ടായി. ഈ കരുതൽ തന്നെയാണ് ജില്ലയിലെ പ്രതിരോധ പ്രവർത്തനങ്ങളിൽ വലിയ പങ്ക് വഹിച്ചത്.

# ഹലോ..കൂടെയുണ്ട് കുടുംബശ്രീ

സമൂഹത്തിൽ എന്നും ഒറ്റപ്പെടൽ കൂടുതൽ അനുഭവിക്കുന്ന ഒരു വിഭാഗം ആളുകളാണ് വയോജനങ്ങളും ഭിന്നശേഷിക്കാരും. കൊറോണ സമയത്തും ഏറ്റവും കൂടുതൽ ശ്രദ്ധയും കരുതലും പരിചരണവും ആവശ്യവും ഇവർക്ക് തന്നെയാണ്. വയോജനങ്ങൾക്ക് എന്നും പ്രത്യേക പരിഗണന കുടുംബശ്രീ നൽകി വന്നിരുന്നു.. ഈ സമയത്തും അവരെ നമ്മൾ മറന്നില്ല.പ്രൈമറി കോൺടാകിൽ വന്ന 60 വയസിനു മുകളിൽ ഉള്ളവരെ ഒരു മാസത്തോളം എല്ലാ ദിവസവും വിളിച്ചു അവരുടെ ക്ഷേമം അന്വേഷിച്ചു. അവർക്കു വേണ്ട ആവശ്യങ്ങൾ (പ്രധാനമായും മരുന്ന് ) ബന്ധപ്പെട്ടവരുമായി സഹകരിച്ചു ചെയ്തു കൊടുക്കാൻ കഴിഞ്ഞു എന്നത് വലിയ ഒരു നേട്ടമായി കരുതുന്നു. അവരെ പോലെ തന്നെ അഗതി ആശ്രയ ഗുണഭോക്താക്കളെയും നാല് ഘട്ടങ്ങളിലായി വിളിക്കുകയും അവരുടെ വിശേഷങ്ങൾ ചോദിച്ചറിയുകയും ചെയ്തു. അവർ ഒറ്റക്കല്ല, കേരളത്തിലെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മ ആയ കുടുംബശ്രീയും അവരോടൊപ്പമുണ്ട് എന്നൊരു തോന്നൽ അവരിൽ വരുത്തിക്കാൻ സാധിച്ചു എന്നതാണ് ഈ പ്രവർത്തനത്തിന്റെ വിജയം.

# വിണ്ണിൽ പറവകളായിവർ

ലോക്ക്ഡൗണിന്റെ കാലത്ത്  വീടുകൾക്കുള്ളിൽ കഴിയേണ്ടി വന്നതിൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്നത് കുട്ടികൾക്കാണ്. വേനലവധി കാലത്ത് പാറി പറന്നു നടക്കേണ്ട ചിത്രശലഭങ്ങളെയാണ് നാല് ചുമരുകൾക്കുള്ളിൽ അടച്ചിടേണ്ടി വന്നത്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ കുട്ടികളുടെ കൂട്ടായ്മയായ ബാലസഭ നല്ല രീതിയിലുള്ള ഇടപെടൽ ഈ സമയത്തു നടത്തി. കുട്ടികളെ ഉൾപ്പെടുത്തി വാട്ട്സപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ദിവസേന അവർക്ക് ചെയ്യാൻ ജില്ലാ തല റിസോഴ്സ് പേഴ്സൺ ശ്രീ പവിത്രൻ മാഷും പ്രോഗ്രാം മാനേജറും ചേർന്ന് ഓരോ ആക്ടിവിറ്റികൾ നൽകുകയും ചെയ്തതിലൂടെ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഉള്ള ഒരു വേദിയാണ് അവർക്ക് ലഭിച്ചത്.









## കൈപിടിച്ചുയർത്തും ഈ സഹായഹസ്തം

സാധാരണക്കാരിൽ സാധാരണക്കാരാണ് മൂപ്പൈനാട് പഞ്ചായത്തിലെ 80% ആളുകളും. തോട്ടം തൊഴിലാളികളും മറ്റു കൂലിപ്പണിക്കാരുമായ ഇവരാണ് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ദുരിതത്തിലായത്. ആ സമയത്താണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം പദ്ധതി കുടുംബശ്രീയെ ഏൽപ്പിക്കുന്നത്. പ്രളയ സമയത്തു ആർകെഎൽഎസ് വായ്പ കുടുംബശ്രീ വഴി വളരെ മികച്ച രീതിയിൽ അർഹതപെട്ടവരുടെ കൈകളിലേക്ക് എത്തിക്കാൻ നമുക്ക് സാധിച്ചിരുന്നു. അതേ രീതിയിൽ ഈ ലോണും നൽകി വരികയാണ്. എല്ലാവർക്കും 20000 വെച്ചു നൽകാൻ കഴിഞ്ഞില്ലെങ്കിലും ലഭിച്ച തുക എല്ലാ അയൽക്കൂട്ടങ്ങൾക്കും തുല്യമായി വീതിച്ചു നൽകാൻ മീറ്റിംഗ് കൂടി തീരുമാനിക്കുകയായിരുന്നു. സി ഡി എസ് എക്സിക്യുട്ടീവ് വഴിയാണ് അപേക്ഷകൾ ക്ഷണിച്ചത് . എല്ലാവരെയും ഒരുമിച്ച് വിളിക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഓരോരുത്തർക്കായി ലോൺ നൽകി വരികയാണ്.

## യോഗയുടെ പാഠങ്ങൾ

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഓൺലൈൻ യോഗ പരിശീലനം നടത്തുകയുണ്ടായിരുന്നു. അയൽക്കൂട്ട തലങ്ങൾ വരെ രൂപീകരിച്ച വാട്ട്സപ് ഗ്രൂപ്പുകൾ വഴി ഏറ്റവും അടിത്തട്ടിലേക്ക് ഈ ക്ലാസുകൾ എത്തിക്കാൻ സാധിച്ചു. മികച്ച പ്രതികരണമാണ് ഇതിനു ലഭിച്ചത് എന്നതും സംഘടനാ സംവിധാനത്തിന്റെ മേന്മ വിളിച്ചോതുന്നു.

# പ്രതിരോധത്തിന്റെ കുടുംബശ്രീ മാതൃകകൾ

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മികച്ച രീതിയിൽ ഉള്ള ബോധവത്കരണം ജനങ്ങളിലേക്ക് എത്തിക്കാനും ആവശ്യമായ വിവര ശേഖരണം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനും 14/03/2020 നു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, മെഡിക്കൽ ഓഫീസർ കൺവീനറുമായി പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും വാർഡ് മെമ്പർമാർ ജെ എച്ച് ഐ, ജെ പി എച്ച് എൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആശ വർക്കർമാർ അംഗൻവാടി ജീവനക്കാർ എ ഡി എസ് ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി വാർഡ് ജാഗ്രത സമിതി രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

വയനാട് ജില്ലയിൽ കോവിഡ് 19 നുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന കോവിഡ് സെല്ലുമായി ബന്ധപ്പെടുന്നതിനും അവിടുന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ താഴെ തട്ടിലേക്ക് എത്തിക്കുന്നതിനും വാട്ട്സപ് ഗ്രൂപ്പ് രൂപീകരിക്കുകയും അതിലൂടെ നിർദ്ദേശങ്ങൾ നൽകാനും സ്വീകരിക്കാനും ഉതകുന്ന നല്ല ഒരു മാർഗമായി ആ ഗ്രൂപ്പ് മാറുകയും ചെയ്തു. കൂടാതെ ആദ്യ ഘട്ടത്തിൽ തന്നെ സി ഡി എസ് ലെവൽ മുതൽ താഴെ അയൽക്കൂട്ടങ്ങൾക്കിടയിൽ വരെ പരമാവധി വാട്സപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കൃത്യമായ വിവരങ്ങൾ നമ്മുടെ അയൽക്കൂട്ടങ്ങളിലേക്ക് എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വാർഡ് ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും നോട്ടീസ് വിതരണം ചെയ്യുന്നതിനും ഹോം ക്വാറന്റൈനിൽ ഉള്ള വീടുകൾ സന്ദർശിക്കാനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകാനും ആരോഗ്യ വകുപ്പിനും പഞ്ചായത്തിനുമൊപ്പം കുടുംബശ്രീ പ്രവർത്തകരും ഉണ്ടായിരുന്നു.

മിൽമ പഞ്ചായത്തുകളിലേക്ക് നൽകിയ പാൽ വിതരണം നാലു തവണ ആയാണ് മൂപ്പൈനാട് ഗ്രാമപഞ്ചായത്തിൽ വന്നത്.. ആദ്യത്തെ രണ്ട് തവണ അഥിതി തൊഴിലാളികൾക്ക് നൽകുകയും പിന്നീട് രണ്ട് തവണ കോളനികളിലേക്കും തോട്ടം തൊഴിലാളികൾക്കും ഗർഭിണികൾക്കും പ്രീ–സ്കൂൾ കുട്ടികൾക്കുമാണ് നൽകിയത്. ഇത് വിതരണം ചെയ്യുന്നതിൽ കുടുംബശ്രീ പ്രവർത്തകരും സഹായിച്ചു. റേഷൻ കടകൾ വഴി ഗവണ്മെന്റ് നൽകിയ ഭക്ഷ്യധാന്യ കിറ്റ് പാക്ക് ചെയ്യാൻ കുടുംബശ്രീ അംഗങ്ങളും ഉണ്ടായിരുന്നു. കൂടാതെ പഞ്ചായത്തിനെ ഹോട്സ്പോട്ടിൽ നിന്ന് ഒഴിവാക്കിയതിന് ശേഷം പഞ്ചായത്തും പരിസരവും വൃത്തി ആക്കുന്നതിനും പച്ചക്കറി തൈകൾ നടുന്നതിനും കുടുംബശ്രീ അംഗങ്ങളാണ് മുന്നിൽ ഉണ്ടായിരുന്നത്.

കുടുംബശ്രീ സംരംഭകരായ മുട്ട കോഴി യൂണിറ്റുകൾ കോഴിത്തീറ്റ ലഭ്യമാവാതെ ബുദ്ധിമുട്ടുകയും സി ഡി എസ് വഴി അവർക്ക് കോഴിത്തീറ്റ ലഭ്യമാക്കുകയും ചെയ്തു..

# നാടിന്റെ കരുതൽ...നമ്മളെങ്ങനെ തോൽക്കാനാ...

(30.03. 2020) രോഗം സ്ഥിരീകരിച്ച വയനാട് മൂപ്പൈനാട് സ്വദേശിയുടെ റൂട്ട് മാപ്പ് അദ്ദേഹം തന്നെ വിശദീകരിച്ചത് ഒരു മാതൃകയായി ഇവിടെ ചേർക്കുന്നു. കരുതലിന്റെ മാതൃക നാടിന് ധൈര്യം പകരട്ടെ..

എന്റെ റൂട്ട് മാപ്പ്

21/03/2020 ദുബായ് എയർപോർട്ട് ടെർമിനൽ 3 ൽ നിന്നും എമിറേറ്റ്സ് ഇകെ 568 വിമാനത്തിൽ 9:55 പി എംന് ബാംഗ്ലൂർലേക്ക് യാത്ര തുടങ്ങി. 22/5/2020, 2:55 എ എം ന് കെമ്പഗൗഡ ഇന്റർനാഷണൽ എയർപോർട്ട് ബെംഗളൂർ ൽ എത്തി ചേർന്നു. തിരക്ക് വളരെ കുറവാണു. ഫ്ലൈറ്റിന് അകത്തു നിന്നും നൽകിയിരുന്ന ഹെൽത്ത് ഫോം (2 കോപ്പി) ഫില്ല് ചെയ്തു. സ്പെഷ്യൽ ആയി തയ്യാറാക്കിയ ഹെൽത്ത് ഡെസ്കിൽ ഏല്പിക്കുകയും ചെയ്തു.

എന്റെ ശരീരത്തിന്റെ ഊഷ്മാവ് പരിശോധിക്കുകയും നോർമൽ ആണെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവർ എന്നെ എമിഗ്രേഷൻ സ്റ്റാമ്പിങ് വിഭാഗത്തിലേക്കും ശേഷം കസ്റ്റംസ് ക്ലീയറെൻസ് വിഭാഗത്തിലേക്കും വിട്ടു. എന്റെ ലഗേജ് എടുത്ത ശേഷം എയർപോർട്ട്ന് പുറത്തു എത്തിയ എന്നെയും ബാക്കിയുള്ള എല്ലാ യാത്രക്കാരേയും ബസുകളിൽ കയറ്റി യെലഹക്ക് അടുത്തുള്ള ആകാശ് ഹോസ്പിറ്റലിൽ ഹെൽത്ത് ചെക്കപ്പിന് കൊണ്ടുപോവുകയും പരിശോധനക്ക് വിധേയമാക്കി. ശേഷം 14 ദിവസത്തെ ഹോം ക്വാറന്റൈൻ ആവശ്യപ്പെടുകയും ചെയ്തു. ചെറിയ പനിയും മറ്റും ഉള്ളവർക്ക്ക്വാറന്റൈൻ ദിവസം 20 ഉം 28 ദിവസങ്ങളായി നീട്ടി കൊടുക്കുന്നതും കണ്ടു.

ശേഷം എയർപോർട്ട്ലേക്ക് തിരിച്ചു അതേ ബസിൽ തന്നെ അവർ കൊണ്ടു വിട്ടു. ഇവിടെ നിന്നും കോഴിക്കോടേക്കുള്ള 6ഇ 7129 ഇൻഡിഗോ 9:50 എ എംനുള്ള വിമാനത്തിൽ ആണ് എനിക്ക് യാത്ര ചെയ്യേണ്ടത്. കുറച്ചു സമയം ആളൊഴിഞ്ഞ ഭാഗത്തു റെസ്റ്റ് എടുത്തു. അടുത്ത യാത്രക്കുള്ള ബോർഡിങ് പാസ് വാങ്ങി ടെമ്പറേച്ചർ ചെക്കിങ്ങിന് ശേഷം ഒരു കാപ്പിയും ബിസ്ക്കറ്റും കഴിക്കുന്നതിനിടയിൽ മെസ്സേജ് വന്നു പുറപ്പെടേണ്ട ഫ്ളൈറ്റ് ഒരു മണിക്കൂർ ലേറ്റ് ആണ്.

ഈ സമയത്തിനുള്ളിൽ എന്റെ നാട്ടിലെ പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടറെ ഞാൻ വരുന്നുണ്ടെന്നു റിപ്പോർട്ട് ചെയ്തു. വേണ്ട സഹായം എന്തു വേണമെങ്കിലും ആവശ്യപ്പെടാൻ പറഞ്ഞു. തുടർന്നുള്ള എന്റെ യാത്ര സമയങ്ങൾ അപഡേറ്റ് ചെയ്തു കൊണ്ടിരുന്നു.

9:50 ന് പുറപ്പെടേണ്ട ഫ്ളൈറ്റ് 11:15 ന് ആണ് പുറപ്പെട്ടത്.12:30 തോടുകൂടി കാലിക്കറ്റ് എയർപോർട്ടിൽ എത്തി ചേർന്ന ഞാൻ ലഗേജ് എടുത്ത് എയർപോർട്ടിൽ നിന്നും തന്നിരിക്കുന്ന ഫോം ഫില്ല് ചെയ്തു. ബാംഗ്ലൂർ എയർപോർട്ടിൽ ഉണ്ടായ പോലെതന്നെ ടെമ്പറേച്ചർ ചെക്കപ്പിന് ശേഷം ഡോക്ടറുടെ പരിശോധനയും കഴിഞ്ഞ് എയർപോർട്ടിന് പുറത്തേക്ക് നടന്നു. ഇന്ന് ഇന്ത്യയിൽ ഭാരത് കർഫ്യൂ ആണ്. ഞാൻ ആദ്യമായാണ് കരിപ്പൂർ എയർപോർട്ടിനെ ആളൊഴിഞ്ഞു കാണുന്നത്. നേരത്തെ തീരുമാനിച്ചത് പ്രകാരം എന്റെ കസിൻസ് കാർ കൊണ്ടുവന്നു എയർപോർട്ടിൽ ഏൽപിച്ചു അവർ പോയിരിക്കുന്നു. ഒറ്റയ്ക്കാണ് യാത്ര 1:10 പി എം ന് യാത്ര

പുറപ്പെട്ട ഞാൻ ആളൊഴിഞ്ഞ വിജനമായ മുക്കം താമരശ്ശേരി വഴി വീട്ടിലേക്ക് ഡ്രൈവ് തുടർന്നു. എനിക്ക് നല്ലവണ്ണം മൂത്രം ഒഴിക്കാൻ മുട്ടുന്നുണ്ട്. പക്ഷെ ഹെൽത്ത് ഇൻസ്പെക്ടറുടെ നിർദേശമനുസരിച്ച് ഞാൻ എവിടെയും നിറുത്തിയില്ല. വീട്ടിലേക്ക് വിളിച്ചു. ഒരു ദിവസം മുൻപ് തീരുമാനിച്ചത് പ്രകാരം ഉമ്മ ഒഴിച്ച് ബാക്കി ഉള്ള വീട്ടിൽ ഉള്ളവരോടൊക്കെ വീട്ടിൽ നിന്നും മാറാൻ ഞാൻ കർശന നിർദേശം നൽകിയിരുന്നു. അങ്ങനെ 2:55 തോടു കൂടി ഞാൻ വീട്ടിൽ എത്തി ചേർന്ന് വിവരം ഹെൽത്ത് ഇൻസ്പെക്ടറുമായി കൈമാറുകയും ചെയ്തു. എന്റെ 3 വയസുള്ള മകനെ ഞാൻ കണ്ടില്ല. ഉപ്പ,വല്ല്യുമ്മ, ഭാര്യ, മകൻ, ബന്ധുക്കൾ എല്ലാവരെയും വീഡിയോ കാൾ ചെയ്തു.

**''എന്തിരുന്നാലും ഒരു കാര്യം മനസിലാക്കുക ഞാൻ എനിക്ക് വേണ്ടിയല്ല ക്വാറന്റൈനിൽ ആയത് നിങ്ങൾക്ക് ഓരോരുത്തർക്കും വേണ്ടിയാണു..ഞാൻ കാത്തിരിക്കുന്നു നല്ലൊരു നാളേക്കായി''**

## ഉപസംഹാരം.

വയനാട് ജില്ലയിലെ മുപ്പൈനാട് കുടുംബശ്രീയും ഗ്രാമപഞ്ചായത്തും സംയുക്തമായി ഈ 3 മാസം കൊണ്ട് നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും പൊതുനങ്ങളെ സഹായിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളും ആണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയത്. ആമുഖത്തിൽ സൂചിപ്പിച്ചത് പോലെ ഇത്തരത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമാണ് നമ്മുടെ കേരളം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകത്തിന് മാതൃക ആയത്. ഇനിയും കടമ്പകൾ ഒരുപാട് കടക്കാനുണ്ട് നമുക്ക്. ചെറുത്തു നിൽപ്പിന്റെയും കോവിഡ് 19 എന്ന മഹാമാരിക്കെതിരെ ഉള്ള പോരാട്ടത്തിന്റെയും പാതയിലാണ് നമ്മളിപ്പോൾ. രണ്ട് പ്രളയത്തെയും നിപ്പയെയും അതിജീവിച്ച, ലിനിയെ പോലെയുള്ള മാലാഖമാരുടെ നാട്. ദൈവത്തിന്റെ രൂപത്തിൽ അവതരിച്ച കുറച്ചധികം മനുഷ്യരുള്ള നാട്. നമ്മളെങ്ങനെ തോറ്റു പോവാനാണ്. അതിജീവിക്കും. ഈ സമയവും കടന്നു പോവും.

**സജ്ന. കെ യു**
**ബ്ലോക്ക് കോർഡിനേറ്റർ- ഓർഗനൈസേഷൻ & എം എഫ്**
**9961262902**

# കരുതലിന്റെ നാളുകൾ







**നമുക്കതിജീവിക്കാം...**


കരുതലിന്റെ നാളുകൾ..
മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് പട്ടികവർഗ കോളനികളിൽ വിഷുക്കിറ്റ് വിതരണം ചെയ്യുന്നു
വിഷുക്കൈനീട്ടവുമായി മൂപ്പൈനാട് പഞ്ചായത്ത്
കല്പറ്റ ▸ ലോക് ഡൗണിൽ പ്രയാസമനുഭവിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് വിഷുക്കൈനീട്ടവുമായി മൂപ്പൈനാട് ഗ്രാമപ്പഞ്ചായത്ത്. പഞ്ചായത്തിലെ പട്ടികവർഗ കോളനികളിൽ ഏറ്റവും പ്രയാസപ്പെടുന്ന 105 കുടുംബങ്ങൾക്കാണ് കൈനീട്ടമായി ഭക്ഷ്യധാന്യ കിറ്റ് നൽകിയത്. ഗ്രാമപ്പഞ്ചായത്തിന്റെ 2020-'21 വാർഷികത്തെ...
...ള്ള വിഷുവിന് ആവശ്യമായ ...സക്കൂട്ട്, പച്ചക്കറി, ...ടികൾ, വെളിച്ചെണ്ണ, പയറ് വർഗങ്ങൾ എന്നിവയാണ് ...റ്റിലുള്ളത്.
ഇതോടൊപ്പം സർക്കാർ ഭക്ഷ്യധാന്യ കിറ്റുകൂടി ...ന്നതോടെ ഊരുകളിൽ ആഘോഷം പതിവുപോലെ കൊണ്ടാടാം. കുടുംബശ്രീ ...എസിന്റെ നേതൃത്വത്തിൽ ...റ്റുകൾ കോളനികളിൽ ...തരണം ചെയ്തത്.
സി.ഡി.എസ്...
...തിയുമായി മൂപ്പൈനാട് ഗ്രാമ...
...നവിത്ത് വിതരണം ആർ. യമുന ഉദ്ഘാടനം ചെയ്യുന്നു
...വൻചാൽ ▸ കോവിഡാനന്തരം ഉണ്ടാകാൻ സാധ്യതയുള്ള ഭക്ഷ്യക്ഷാമത്തിന് പരിഹാരം കാണാൻ മുൻകരുതലുകളുമായി മൂപ്പൈനാട് ഗ്രാമപ്പഞ്ചായത്ത്...
നാട് ഗ്രാമപ്പഞ്ചായത്ത്. വരും കാലത്ത് ഭക്ഷ്യവിഭവങ്ങൾക്ക് ക്ഷാമമുണ്ടാകാതിരിക്കാൻ മാതൃകാപരമായ ആറു പദ്ധതികൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഒരോ വീട്ടിലേക്കും ആവശ്യമായ കിഴങ്ങുവിളകൾ സ്വന്തമായി ഉത്പാദിപ്പിക്കുന്നതാണ്...
നമുക്കതിജീവിക്കാം...

## കരുതലിന്റെ നാളുകൾ..









## നമുക്കതിജീവിക്കാം...